## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 881** **31-01-2024 - ൽ മറുപടിയ്ക്ക്**

## മങ്കട മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങളുടെ വീട് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയ ധനസഹായം ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച വീടുകളിൽ ഇനിയും നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത പട്ടികജാതി കുടുംബങ്ങൾക്ക് അവ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2010 ഏപ്രിൽ 1 ന് ശേഷം ഭവന നിർമ്മാണം നടത്തിയവരുടെ ഭവനപൂർത്തീകരണ/ പുനരുദ്ധാരണത്തിനായി അർഹതയുള്ള ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ അനുവദിക്കുന്ന സേഫ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ മണ്ഡലത്തിലെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിൻകീഴിലും ഇത്തരത്തിൽ അവശേഷിക്കുന്ന വീടുകൾ ഓരോന്നും പൂർത്തിയാക്കുന്നതിന് ഏകദേശം എത്ര തുക വീതം വേണ്ടിവരുമെന്നാണ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഭവന നിർമ്മാണം ആരംഭിയ്ക്കുകയും എന്നാൽ നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പ്രസ്തുത കുടുംബങ്ങൾക്ക് ധനസഹായം ഉറപ്പുവരുത്തുന്നതിന് ഈ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അടിയന്തരമായി ഈ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെയും പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെയും ഓരോ ഗുണഭോക്താക്കൾ മൂന്ന് ഗഡു സഹായം കൈപ്പറ്റിയിട്ടുണ്ട്. പുഴക്കാട്ടീരി ഗ്രാമപഞ്ചായത്തിലെ ഒരു ഗുണഭോക്താവും കുറുവ ഗ്രാമപഞ്ചായത്തിലെ മറ്റൊരു ഗുണഭോക്താവും രണ്ട് ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ കൈപ്പറ്റിയ തുകയ്ക്കുള്ള നിശ്ചിത ഘട്ടം പണി പൂർത്തിയാക്കാത്തതിനാൽ തുടർ ഗഡുക്കൾ അനുവദിച്ച നൽകിയിട്ടില്ല. നിശ്ചിതഘട്ടം പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവർക്ക് തുടർ ഗഡുക്കൾ സ്പിൽ ഓവർ പദ്ധതി പ്രകാരം അനുവദിക്കുന്നതാണെന്ന വിവരം ഗുണഭോക്താക്കളെ അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം | പണി പൂർത്തീകരിക്കുന്നതിന് ആവശ്യമുള്ള തുക |
|---|---|---|---|
| 1 | കുറുവ | 1 | 2,20,000/- |
| 2 | പുഴക്കാട്ടിരി | 2 | 2,80,000/- |
| 3 | അങ്ങാടിപ്പുറം | 1 | 60,000/- |
| | ആകെ | 4 | 5,60,000/- |